# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 202** **08.03.2018-ൽ മറുപടിക്ക്**

## കെ.എസ്.ഇ.ബി യുടെ സാമ്പത്തിക പ്രതിസന്ധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ. രാമചന്ദ്രൻ<br>,, സി. ദിവാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. : | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ഇ.ബി ഒരു സാമ്പത്തിക പ്രതിസന്ധിയുടെ വക്കിലാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (എ) & (ബി) | കെ.എസ്.ഇ.ബി. ലിമിറ്റഡ് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. വിവിധ വികസന പദ്ധതികൾക്ക് എടുത്തിട്ടുള്ള വായ്പകൾ അടക്കം KSEB ലിമിറ്റഡിന്റെ നിലവിലുള്ള കടബാദ്ധ്യത (31.01.2018-ന്റെ കണക്കനുസരിച്ച്) 7459 കോടി രൂപ വരും. വർദ്ധിച്ച് വരുന്ന വൈദ്യുതി വാങ്ങൽ ചെലവുകളാണ് KSEB ലിമിറ്റഡിന്റെ റവന്യൂ ചെലവിൽ പ്രധാനപ്പെട്ടത്.<br>കെ.എസ്.ഇ.ബി-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>(i) ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശനിരക്കുള്ള വായ്പകൾ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>(ii) കെ.എസ്.ഇ.ബി-യുടെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്തും വരുമാനം കൂട്ടി ഉപഭോക്താവിന് ഗുണകരമായ രീതിയിൽ പ്രവർത്തിക്കുന്നതാണ്.<br>(iii) കേന്ദ്ര സർക്കാർ 20.11.2015-ൽ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C Loss-ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | കെ.എസ്.ഇ.ബി യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് ആലോചിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | (iV) മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിനുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തനമികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കുവാനുമാണ് ശ്രമിക്കുന്നത്.<br><br>കൂടാതെ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട തുക സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കേസുകൾ നീണ്ടുപോകുന്നത് മൂലം വരുമാനം ലഭ്യമാകാത്തത് കൊണ്ട് വൈദ്യുതി ബോർഡിന് ഉണ്ടാകുന്ന നഷ്ടം കുറക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | വിവിധ കേസുകളിൻമേൽ ഉള്ള സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള ഇടപെടലുകൾ ബോർഡു തലത്തിൽ നടത്തിവരുന്നു<br>കേസുകൾ നീണ്ടുപോകുന്നതു മൂലമുള്ള വരുമാന നഷ്ടം തടയുന്നതിനായി ബോർഡ് എല്ലാ വർഷവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയും, കേസുമായി ബന്ധപ്പെട്ട കുടിശ്ശികകൾ തീർപ്പാക്കുന്നതിനും പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ